കുറ്റാലം റസ്റ്റ് ഹൗസ്

260 (857) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിലെ കുറ്റാലത്ത് കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിന് റസ്റ്റ്ഹൗസ് ഉണ്ടോ ; ഇതിന്റെ നടത്തിപ്പു ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; റസ്റ്റ് ഹൗസ് സ്ഥിതിചെയ്യുന്നതടക്കം എത്ര ഏക്കർ സ്ഥലമാണ് ഇവിടെ കേരള സർക്കാരിനുള്ളത് ; ഇവയുടെ അതിർത്തികൾ എല്ലാം തന്നെ മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) റസ്റ്റ് ഹൗസിന്റെ നടത്തിപ്പു ചുമതല ഇപ്പോൾ സബ്കോൺട്രാക്ട് കൊടുക്കുകയാണോ ചെയ്യുന്നത് ;

(സി) എങ്കിൽ എത്ര വർഷം കൂടുമ്പോഴാണ് ഇതിന്റെ നടത്തിപ്പിനുള്ള അവകാശം ലേലം ചെയ്യുന്നത് ;

(ഡി) ഇങ്ങനെ സബ്-കോൺട്രാക്ട് കൊടുക്കുന്നതുമൂലം ഇതെടുക്കുന്നവർ ഇത് ദുരുപയോഗം ചെയ്യുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത റസ്റ്റ് ഹൗസ് നടത്തിപ്പ് പി.ഡബ്ള്യൂ.ഡി. നേരിട്ട് നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തമിഴ്നാട്ടിലെ കുറ്റാലത്ത് കേരള പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റസ്റ്റ് ഹൗസ് ഉണ്ട്. ഇതിന്റെ നടത്തിപ്പ് ചുമതല പൊതുമരാമത്ത് വകുപ്പ് കൊല്ലം ബിൽഡിംഗ്സ് ഡിവിഷന്റെ കീഴിലുള്ള പുനലൂർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. പ്രസ്തുത റസ്റ്റ് ഹൗസ് സ്ഥിതി ചെയ്യുന്നതടക്കം 56.68 ഏക്കർ സ്ഥലം ഉണ്ട്. ഇത് മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത റസ്റ്റ് ഹൗസിന്റെ നടത്തിപ്പ് ചുമതല സബ് കോൺട്രാക്ട് നൽകിയിട്ടില്ല.

(ഇ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ഇപ്പോൾ നടക്കുന്നത്.

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ

261 (858) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ 2008 ജനുവരിക്കു ശേഷം എത്ര അസിസ്റ്റന്റ് എഞ്ചീനിയർ (സിവിൽ) തസ്തികകളിലാണ് വേക്കൻസി ഉണ്ടായിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly